**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2385** **15-10-2024 - ൽ മറുപടിയ്ക്ക്**

**'ജൈവ വൈപ്പിൻ' നബാർഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നബാർഡ് പദ്ധതികളിൽ പ്രോപ്പോസലുകൾ തയ്യാറാക്കുന്നതും സമർപ്പിക്കുന്നതും എപ്പോഴെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ വർഷവും ഡിസംബർ മാസത്തിന് മുന്നോടിയായി പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. ഓരോ സാമ്പത്തിക വർഷവും നബാർഡ് പദ്ധതികൾ ക്ഷണിക്കുന്ന മുറയ്ക്കും വകുപ്പുകൾ ആയത് ലഭ്യമാക്കുന്ന മുറയ്ക്കും നബാർഡിന്റെ അംഗീകാരത്തിനായി നൽകുന്നു. |
| (ബി) | ഇപ്രകാരം പദ്ധതികൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകാറുണ്ടോ; | (ബി) | യഥാസമയം പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ധനകാര്യ വകുപ്പ് കൃത്യമായി നിർദ്ദേശം നൽകി വരുന്നു. |
| (സി) | നബാർഡിൽ പദ്ധതികൾ സമർപ്പിക്കേണ്ടത് സംബന്ധിച്ച് ജനപ്രതിനിധികൾക്ക് അറിയിപ്പ് നൽകാറുണ്ടോ; | (സി) | നബാർഡ് പദ്ധതികൾ സമർപ്പിക്കേണ്ടത് സംബന്ധിച്ച് ജനപ്രതിനിധികൾക്ക് അറിയിപ്പ് നൽകാറില്ല. വകുപ്പുകൾക്ക് മാത്രമാണ് നിർദ്ദേശം നൽകുന്നത്. |
| (ഡി) | എങ്കിൽ വൈപ്പിൻകരയുടെ നിലനിൽപ്പിനെ ബാധിക്കുന്നതും ഒരിക്കൽ നബാർഡ് തുക അനുവദിച്ചതും എന്നാൽ വിവിധ കാരണങ്ങളാൽ തുക നഷ്ടപ്പെട്ടതുമായ ജൈവ വൈപ്പിൻ പദ്ധതിയുടെ പ്രൊപ്പോസൽ നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടും സമയബന്ധിതമായി പുന:സമർപ്പിക്കപ്പെടാത്തതിന് കാരണം വ്യക്തമാക്കാമോ? | (ഡി) | ട്രാഞ്ചെ 20 ൽ നബാർഡിൽ നിന്നും അംഗീകാരം ലഭിച്ച കൃഷി വകുപ്പിന്റെ ഒരു പദ്ധതിയാണ് 'ജൈവ വൈപ്പിൻ പദ്ധതി.' എന്നാൽ തീരദേശ നിയന്ത്രണ ഏജൻസിയിൽ നിന്നും യഥാസമയം ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ നബാർഡ് പ്രസ്തുത പദ്ധതി ഒഴിവാക്കുകയായിരുന്നു. പ്രസ്തുത ട്രാഞ്ചെയുടെ കാലാവധിയ്ക്ക് ശേഷം പദ്ധതി നാളിതു വരെയും പുന:സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ